## സബ്മിഷൻസ്

### കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം നിയോജകമണ്ഡലത്തിലെ പുൽപ്പറ്റ പഞ്ചായത്തിലെ ജനങ്ങൾ കെ.എസ്.ഇ.ബി.-യുടെ നാല് സെക്ഷൻ ഓഫീസുകളുടെ കീഴിലാണ് വരുന്നത്. ഇരുപതിനായിരത്തിൽപ്പരം ഉപഭോക്താക്കളുള്ള മഞ്ചേരി നോർത്ത്, കീഴ്ശ്ശേരി, വള്ളുവമ്പുറം, അരീക്കോട് എന്നീ സെക്ഷനുകളുടെ പരിധിയിൽവരുന്ന പുൽപ്പറ്റ പഞ്ചായത്തിലെ ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യമാണ് പൂക്കളത്തൂർ ആസ്ഥാനമായി സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്നത്. ഈ നാല് സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിച്ചാൽ ഇരുപതിനായിരത്തിലധികം ഉപഭോക്താക്കൾ ഉൾക്കൊള്ളുന്നതായിരിക്കും. ഇതുസംബന്ധിച്ച പ്രൊപ്പോസൽ വർഷങ്ങളായി കെ.എസ്.ഇ.ബി.-യുടെ പരിഗണനയിലുള്ളതാണ്. 110 കെ.വി. കീഴ്ശ്ശേരി, 66 കെ.വി. മഞ്ചേരി, 33 കെ. വി. വള്ളുവമ്പുറം ഫീഡറുകളുപയോഗിച്ച് പുൽപ്പറ്റ പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലും മുടക്കമില്ലാതെ വൈദ്യുതി ലഭ്യമാക്കുവാൻ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിലൂടെ സാധ്യമാകും. പുൽപ്പറ്റ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ വൈദ്യുതി മുടക്കമുണ്ടാകുമ്പോഴും അപകടം സംഭവിച്ചാലും അറ്റകുറ്റപ്പണികൾക്കുമെല്ലാം കിലോമീറ്ററുകൾ സഞ്ചരിച്ച് വിവിധ സെക്ഷൻ ഓഫീസുകളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. സ്റ്റാഫിന്റെ കുറവും മറ്റും കാരണം കൃത്യമായി പരാതികൾ പരിഹരിക്കുന്നതിനും തടസ്സങ്ങൾ ഒഴിവാക്കാനുമൊന്നും സാധിക്കുന്നില്ല. വൈദ്യുതി കണക്ഷനുണ്ടെങ്കിൽപ്പോലും വോൾട്ടേജുക്ഷാമം കാരണമായി

ഇതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാകാത്ത അവസ്ഥയാണ് നിലവിലുള്ളത്. ......(ബഹളം).............

<u>മി. സ്പീക്കർ</u>: ഒച്ചയെടുത്തിട്ട് കാര്യമൊന്നുമില്ല. ഒച്ചയെടുത്ത് എന്നെ പേടിപ്പിക്കുകയൊന്നും വേണ്ട. നോ....... നോ ......(ബഹളം).............

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഈ പ്രദേശങ്ങൾ അനുഭവിക്കുന്ന വോൾട്ടേജുക്ഷാമത്തിനും ഇതൊരു പരിഹാരമായിരിക്കും. വൈദ്യുതി ബോർഡിന് കൂടുതൽ വരുമാനമുണ്ടാകുന്നതിനും ജനങ്ങൾക്ക് ഏറെ പ്രയോജനകരമാകുന്നതുമായ ഈ സെക്ഷൻ ഓഫീസിന് ആവശ്യമായ കെട്ടിടം ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് തയ്യാറാണ്. അതുകൊണ്ട് എത്രയുംവേഗം പൂക്കളത്തൂർ ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി <u>(ശ്രീ. ആര്യാടൻ മുഹമ്മദ്)</u>: സർ, സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് 25000-ൽ കൂടുതൽ കൺസ്യൂമേഴ്സും 50 സ്ക്വയർ കിലോമീറ്ററിൽ കൂടുതൽ ദൂരവുമുണ്ടായിരിക്കണം. അതല്ലെങ്കിൽ 20000 കൺസ്യൂമേഴ്സും 100 സ്ക്വയർ കിലോമീറ്ററിൽ കൂടുതലുമുണ്ടായിരിക്കണം. അങ്ങനെ ഇവിടെയൊന്നുമില്ല. മഞ്ചേരി നോർത്ത് 22354 ആണ്. 37.63 സ്ക്വയർ കിലോമീറ്ററാണ്. അതുപോലെ കീഴ്ശ്ശേരി 16513 ആണ്. അവിടെ 24.39 ആണ്. അതുപോലെ വള്ളുവമ്പ്രം 20.543 ആണ്. അവിടെ 45.67 ആണ്. ഈ നോംസ് പുന:പരിശോധിക്കുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ പരിഹരിക്കാവുന്നതാണ്. ......(ബഹളം).............

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, രേഖ മേശപ്പുറത്ത് വയ്ക്കണമെന്നാണെങ്കിൽ ഞാൻ ഇവിടെ പറഞ്ഞ കാര്യവുമായി ബന്ധപ്പെട്ട മുഴുവൻ രേഖയും എന്റെ കയ്യിലുണ്ട്. അത് മുഴുവനും മേശപ്പുറത്തു വയ്ക്കുന്നു. ......(ബഹളം).............

## താൽക്കാലിക റെയിൽവേ ലെവൽ ക്രോസ്

ശ്രീ. കെ. എം. ഷാജി: സർ, പാപ്പിനിശ്ശേരി ആർ.ഒ.ബി. താൽക്കാലിക റെയിൽ ക്രോസ് അനുവദിച്ച് കിട്ടുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരി–പിലാത്തറ സ്റ്റേറ്റ് ഹൈവേ കെ.എസ്.ടി.പി. ലോകബാങ്ക് പദ്ധതി പ്രകാരം വികസിപ്പിക്കുന്നതിന്റെ പ്രവൃത്തികൾ നടന്നു വരികയാണ്. പ്രസ്തുത പദ്ധതിയിൽപ്പെട്ട പാപ്പിനിശ്ശേരി റെയിൽവെ ഗേറ്റിന്, നമ്പർ 251 എന്റെ മണ്ഡലമായ അരീക്കോട്, ആർ.ഒ.ബി. നിർമ്മാണപ്രവർത്തനം തുടങ്ങിയിരിക്കുകയാണ്. പ്രസ്തുത റെയിൽവേ ഗേറ്റ് പാപ്പിനിശ്ശേരി ഠൗണിലായതിനാൽ പരമാവധി കെട്ടിടങ്ങൾ പൊളിക്കുന്നത് ഒഴിവാക്കുന്നതിന് ആർ.ഒ.ബി.–ക്കുവേണ്ട സ്ഥലം മാത്രമേ ഏറ്റെടുത്തിട്ടുള്ളൂ. അതുകൊണ്ടുതന്നെ ആർ.ഒ.ബി. വർക്ക് ആരംഭിക്കുമ്പോൾ അതുവഴിയുള്ള ഗതാഗതം പൂർണ്ണമായി തടസ്സപ്പെടാതെ ആർ.ഒ.ബി. വർക്ക് സുഗമമായി നടന്നുവരാൻ കഴിയുന്ന അവസ്ഥയുണ്ട്. അതുകൊണ്ട് അവിടത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ താൽക്കാലിക ലെവൽ ക്രോസ് അനുവദിച്ച് കിട്ടുന്നതിന് അടിയന്തര അനുകൂല തീരുമാനമുണ്ടാകണമെന്ന് അപേക്ഷിക്കുന്നു. ......(ബഹളം).............

മി. സ്പീക്കർ: എല്ലാവരുംകൂടി വളഞ്ഞ് മുദ്രാവാക്യം വിളിക്കുന്നു. ......(ബഹളം)............. നോ...... നോ...... എല്ലാവരുംകൂടി വളഞ്ഞുനിന്നല്ല

പ്രതിപക്ഷ നേതാവിന് മൈക്ക് കൊടുക്കേണ്ടത്. നോ....... എല്ലാവരുംകൂടി വള ഞ്ഞുനിന്ന് പറഞ്ഞല്ല പ്രതിപക്ഷ നേതാവിന് മൈക്ക് കൊടുക്കേണ്ടത്. ......(ബഹളം)............. നിങ്ങൾ സീറ്റിൽപ്പോയാൽ പ്രതിപക്ഷ നേതാവിന് മൈക്ക് കൊടുക്കും. യെസ്..... പ്രതിപക്ഷ നേതാവിന് ഏത് സമയത്തും മൈക്ക് കൊടുക്കും. നിങ്ങൾ ഇങ്ങനെ ഉച്ചത്തിൽ ബഹളമുണ്ടാക്കി ആളുകളെ ഭീഷണിപ്പെടുത്തി ആംഗ്യങ്ങൾ കാണിച്ച് അങ്ങനെയൊന്നും പ്രതിപക്ഷ നേതാവിന് മൈക്ക് കൊടുക്കാൻ സാധ്യമല്ല. ......(ബഹളം)............. അതൊന്നും സാധ്യമല്ല. സഭ തൽക്കാലത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതി നാൽ സഭ രാവിലെ 11.15–ന് നിർത്തിവച്ചു.)